# പടം

2018



***Boys Hss Karunagappally***

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# പട്ടം

**2018**

## *LITTILE KITES*

Boys Hss Karunagappally

***LK/2018/41031***




# പട്ടം

Boys Hss Karunagappally
***LK/2018/41031***

## എഡിറ്റോറിയൽ ബോർഡ്

***ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികൾ***

***ചീഫ് എഡിറ്റർ***

***അർജുൻ രാജ്***

***അസോസിയേറ്റ് എഡിറ്റർമാർ***

***മുഹമ്മദ് ഫാബിൻ***
***ആദർഷ്***
***ആയുഷ്***
***നൂപൻ.എൽ.കൊച്ചയ്യം***

***ഞങ്ങളുടെ മാസ്റ്റർമാർ***
***എൻ സുഭാഷ്***
***ജെ ജയകൃഷ്ണൻ***

# സ്ഥാപകൻ



## ശ്രീ. സി. എസ്. സുബ്രഹ്മണ്യൻ പോറ്റി

# എടുകളിലേക്ക്.........

കരുനാഗാപ്പള്ളി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **ബോയ്സ് ഹയർ സെക്കൻററി സ്കൂൾ, കരുനാഗപ്പള്ളി.** കരുനാഗപ്പള്ളി സ്കൂളിന്റെ ചരിത്രം പറയുമ്പോൾ കരുനാഗപ്പള്ളിയുടെ ചരിത്രം സൂചിപ്പിക്കേണ്ടതുണ്ട്.

ഏകദേശം 400 വർഷങ്ങൾക്കു മുമ്പ് മലബാറിലെ പ്രസിദ്ധനായ ഒരു മുസ്ലിം പുരോഹിതന്റെ അനുഗ്രഹിശിസ്സുകളോടെ മതപ്രചരണത്തിനിറങ്ങിയ **ആലി ഹസ്സൻ** എന്ന സിദ്ധൻ കരിനാഗത്തിന്റെ ശല്യമുണ്ടായിരുന്ന സ്ഥലത്ത് പണി കഴിപ്പിച്ച പള്ളിക്ക് കരിനാഗപ്പള്ളി എന്ന പേര് ലഭിച്ചു. വാമൊഴി വഴക്കത്താൽ അതു കരുനാഗപ്പള്ളിയായി. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന്റെ ചരിത്രം അങ്ങനെ തുടങ്ങുന്നു. കേരളത്തിലെ പ്രധാന ബുദ്ധമത കേന്ദ്രങ്ങളിലൊന്നായിരുന്നു കരുനാഗപ്പള്ളിയെന്നതിന് ചരിത്രപരമായ പിൻബലമേറെയുണ്ട്. നാനാജാതി മതസ്ഥർ സൗഹാർദ്ദത്തിൽ കഴിഞ്ഞുവന്ന കരുനാഗപ്പള്ളി സാംസ്കാരികമായും വിദ്യാഭ്യാസപരമായും എന്നും മുൻനിരയിലായിരുന്നു. മറ്റെങ്ങും കാണാനില്ലാത്ത അനുകരണീയമായ ഒരു മാതൃക സ്കൂൾ നടത്തിപ്പിൽ ഈ നാടിന് കാട്ടിക്കൊടുത്തത് മലയാള സാഹിത്യ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട കവിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന യശഃ ശരീരനായ **ശ്രീ. സി. എസ്. സുബ്രഹ്മണ്യൻ പോറ്റി അവർകളാണ്.** 1916-ൽ ഇംഗ്ലീഷ് സ്കൂളായി അദ്ദേഹം സ്ഥാപിച്ചതാണ് ഈ മഹത്തായ വിദ്യാലയം.



# ആശംസ

*കഴിഞ്ഞ വർഷം മുതൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിലെ ലിറ്റൽ കൈറ്റ്സ് യൂണിറ്റിലെ ആദ്യ ബാച്ച് കുട്ടികളുടെ ശ്രമഫലമായി പട്ടം എന്ന ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.*

*സാങ്കേതികരംഗത്തെ വിവിധ വിഷയമേഖലകളിൽ പ്രായോഗിക പരിശീലനം ലഭിച്ച കുട്ടികൾ അവർക്ക് ലഭിച്ച മലയാളം കംപ്യൂട്ടിങ്ങിലെ പരിശീലനം പ്രയോജനപ്പെടുത്തിയാണ് ഇത്തരമൊരു ഡിജിറ്റൽ മാഗസിൻ തയാറാക്കിയത് എന്ന് അറിയുന്നു.*

*സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.*

**മേരി റ്റി അലക്സ്**

**ഹെഡ്മിസ്ട്രസ്**





## ആദരവോടെ............

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ ഞങ്ങൾക്ക് സാങ്കേതികരംഗത്തെ വിവിധ വിഷയമേഖലകളിൽ ലഭിച്ച പ്രായോഗിക പരിശീലനം ഉപയോഗപ്പെടുത്തിയാണ് **പട്ടം** പ്രസിദ്ധീകരിക്കുന്നത് സഹപാഠികളുടെ

സൃഷ്ടികളോടൊപ്പം മറ്റു സാഹിത്യരചനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിലും മട്ടിലും

ഉള്ളടക്കത്തിലും പോരായ്മകളും,തെറ്റുകളും കടന്നുകൂടിയിട്ടുണ്ടാകും.ഇവയെല്ലാം കണ്ടെത്തി പൂർണ്ണതയിൽ എത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല.വിലയേറിയ നിർദ്ദേശങ്ങളും , അഭിപ്രായങ്ങളും പ്രതീക്ഷിച്ചുകൊണ്ട്............

ആദരവോടെ സമർപ്പിക്കുന്നു.............

*ചീഫ് എഡിറ്റർ*

**അർജുൻ രാജ്-9D**



# താളുകളിലൂടെ...........

എഡിറ്റോറിയൽ ബോർഡ്.....3
സ്ഥാപകൻ.....4
ഏടുകളിലേക്ക്.....5
ആശംസ.....6
ആദരവോടെ.....7
ബേപ്പൂർ സുൽത്താൻ.....10
അറിവിന്റെ ഓർമ്മകൾ.....11
വിപ്ലവ ഇതിഹാസം - ചെഗ്വേര.....12
ശ്രീരാമകഥകൾ.....13
.....13
പുത്രകാമേഷ്ടി.....13
രാമാവതാരം.....13
ആമയ്ക്ക പറ്റിയ ഒരു അബദ്ധം.....14
ജിംഗനെ അറിയാമോ......15
കുരങ്ങന് കിട്ടിയ വരങ്ങൾ.....16
മംഗലംകുന്ന് കർണ്ണൻ.....17
സഹോദര സ്നേഹം.....18
10 ടീം അതിൽ ഒന്ന് മഞ്ഞപ്പട.....19
നഗര കാഴ്ചകൾ.....22
ചിലതുമാത്രം.....23
ഞങ്ങളോടൊപ്പം.....26
കായികരംഗം.....27
നന്ദി.....28

# ബേപ്പൂർ സുൽത്താൻ



1908 ജനുവരി 19 നു വൈക്കം താലൂക്കിലെ തലയോല പറമ്പിൽ മലയാള സാഹിത്യത്തിലെ ഒരേ ഒരു സുൽത്താൻ ജനിച്ചു. മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്ത് നിർത്തിയ കഥാകാരൻ ആയിരുന്നു ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ. തന്റേതു മാത്രമായ പ്രയോഗങ്ങളും വാക്കുകളും കൊണ്ട് മലയാളത്തിലെ മറ്റെല്ലാ എഴുത്തുകാരിൽ നിന്നും ഒറ്റപെട്ടു നിന്ന ബഷീർ മലയാള സാഹിത്യത്തിലെ മൗലിക പ്രതിഭ ആയി. ബഷീറിനെ പോലെ ഒരു എഴുത്തുകാരൻ ബഷീറിന് മുൻപോ പിമ്പോ നമ്മുടെ ഭാഷയിൽ ഉണ്ടായിട്ടില്ല. എല്ലാ നിലക്കും ഒരു അതുല്യ പ്രതിഭ ആയിരുന്നു അദ്ദേഹം. കവിയും ഋഷിയും ഒത്തു ചേരുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വം



സത്യ സന്ധതയുടെയും സ്നേഹ വായ്പിന്റെയും മഹത്വആകാംഷയുടെയും പ്രത്യേകതകൾ കൊണ്ട് മറ്റൊരു കലാ സൃഷ്ടിയായി കേരളീയ സമൂഹത്തെ സ്വാധീനിക്കുന്നു.അദ്ദേഹത്തിന്റെ ഭൂരിപക്ഷം കൃതികളിലും ആത്മ കഥാംശം അലിഞ്ഞു ചേർന്നിരിക്കുന്നു. സാഹിത്യ ചരിത്രകാരന്മാരെ അത്യന്തം ആകർഷിച്ചിട്ടുള്ള ഒരു പ്രതിഭാസമാണത്. മറ്റു ഭാരതീയ ഭാഷകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ നോവലുകൾ തുടർകഥയായി പുറത്തു വരാൻ 19 -ാം നൂറ്റാണ്ടിൽ തന്നെ ആരംഭിച്ചിട്ടുണ്ടെങ്കിലും മലയാളത്തിൽ ബഷീർ ആണ് തുടർകഥക്കു നാന്ദി കുറിച്ചതെന്നു തോന്നുന്നു.ബാല്യകാല സഖി ,പാത്തുമ്മായുടെ ആട് , പ്രേമലേഖനം, മതിലുകൾ, ശബ്ദങ്ങൾ, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് , പാവപ്പെട്ടവരുടെ വേശ്യ , മുച്ചീട്ടുകളിക്കാരന്റെ മകൾ വിശ്വ വിഖ്യാതമായ മൂക്ക് , വിഡ്ഢികളുടെ സ്വർഗം എന്നിങ്ങനെ മലയാളി എന്നും ഓർത്തു വെക്കുന്ന രചനകൾ ആ തൂലികയിൽ നിന്നും പിറവിയെടുത്തു .ജന്മ സിദ്ധമായ കഴിവിനെ അത്യധ്വാനം ചെയ്തു മിനുസപ്പെടുത്തുന്ന ഒരു എഴുത്തുകാരനായിരുന്നു ബഷീർ. അദ്ദേഹത്തിന്റെ കഥകൾക്കുള്ള അനാദൃശ്വത്ഥവും സാർവ്വ ലൗകികമായ ഹൃദയ ദ്രവീകരണ ശക്തിയും ആ ഗ്രന്ഥങ്ങൾ ' ക്ലാസ്സിക്കുകളായി' പരിഗണിക്കപ്പെട്ടുമെന്നു വിളിച്ചു പറയുന്നു.അനുഭവിച്ച ജീവിതത്തിന്റെ പാതി പോലും എഴുതി തീർക്കാതെ കടന്നു പോയ എഴുത്തുകാരൻ. അതായിരുന്നു സാക്ഷാൽ ബേപ്പൂർ സുൽത്താൻ. സുൽത്താൻ എന്നാൽ ഏതു സുൽത്താൻ എന്ന് മലയാള സാഹിത്യത്തിൽ ചോദ്യമില്ല അത് ഒരേ ഒരു ബഷീർ - നമ്മുടെ ബേപ്പൂർ സുൽത്താൻ.



*ഹരി ശങ്കർ. എം*
IX D

എന്റെ കൂട്ടുകാരൻ
വിഷ്ണുരാജേന്ദ്രൻ(9F), കുറിച്ചിട്ട ചില
വരികൾ ഞാൻ നിങ്ങൾക്കായി
സമർപ്പിക്കുന്നു.......

ഫാബിൻ 9F



# അറിവിന്റെ ഓർമ്മകൾ

അറിവിന്റെ ഓർമ്മകൾ എന്നിൽ വിതറിയെ
സ്വപ്ന പ്രപഞ്ചമാണെന്റെ വിദ്യാലയം
അക്ഷരമാണെന്റെ വഴികാട്ടിയെന്ന്
അറിഞ്ഞൊരുനേരത്ത് ഞാനേകനായി
കവിഹൃദയങ്ങളിൽ വിരിയുന്ന കവിതകൾ
എന്റെതാം ഓർമ്മയ്ക്ക് കൈത്താങ്ങുമേകി
പ്രണയത്തിനേകിയ നിമിഷങ്ങളോർത്തു ഞാൻ
വിരഹത്തിൽ ഏകനായ് മൗനമായ് മൂളി
വിപ്ലവമേകിയ നീറുന്ന ഓർമ്മകൾ
മനസ്സിന്റെ ഒരുകോണിൽ ദുഷ്‌രക്തമായി
ഞാനെന്നഭാവം അഹങ്കാരമാണന്ന്
ഓതിയവരിൽ നിന്നു ഞാനോടിമാറീ
ഒടുവിലീ മണ്ണിലടിയുന്ന നേരത്ത്
ഞാനാരുമല്ലാതെയായി ഈ ഭൂവിൽ





# വിപ്ലവ ഇതിഹാസം – ചെഗ്വേര

തീച്ചോര ചാറിച്ചുവപ്പിച്ച വേരുകളാം
സിരകളിൽ ഉണരുന്ന രക്തധമനികൾ
വിപ്ലവം പിറക്കും മുഷ്ടിയിൽ മുറുകുന്ന
രക്തസാക്ഷി തന്നുടെ സ്മൃതികൾ ഓർമ്മകൾ
കണ്ണുനീർതുള്ളികൾ അക്ഷതം വാർന്നു
ബൊളീവിയൻ കാടതിൽ വിപ്ലവം തളർന്നു
ഹേ ചെഗ്വേര.....
മിഴിനീരണിയും രക്തസാക്ഷിയായോ നീ
അർജ്ജന്റീനയിൽ വിപ്ലവം പിറക്കുന്ന
അഗ്നിയായ് മാറീ ഇരുയാത്രികർ അതാ
വിപ്ലവാദർശങ്ങൾ മുറുകെ പിടിക്കുന്ന
മുഷ്ടികൾ ഉയരുന്ന അലറിപ്പറയുന്ന
ഹേ ചെഗ്വേര.....
മിഴിനീരണിയും അനശ്വരസത്യമായ് നീ.....

**വിഷ്ണുരാജേന്ദ്രൻ(9F)**

# ശ്രീരാമകഥകൾ



## പുത്രകാമേഷ്ടി

*ഇത് കലിയുഗമാണ് .ഇതിനുമുബ് ദ്വാപരയുഗമായിരുന്നു.അതിനുമുബ് ത്രേതായുഗം. രാമായണം കഥ നടന്നത് ഈ ത്രേതായുഗത്തിലാണ്. ഉത്തരഭാരതത്തതിൽ അയോദ്ധ്യ എന്നൊരു രാജ്യമുണ്ടായിരുന്നു. ആ രാജ്യം ഭരിച്ചിരുന്നത് സൂര്യവംശത്തിലെ രാജാക്കന്മാരായിരുന്നു. സൂര്യവംശത്തിൽ ദശരഥൻ എന്നൊരു രാജാവുണ്ടായിരുന്നു.*

## രാമാവതാരം



രാവണൻ എന്ന രാക്ഷസരാജാവാണ് അന്ന് ലങ്ക ഭരിച്ചിരുന്നത്.രാവണൻ ലങ്ക മാത്രമല്ല, ലോകമാകെ അടക്കിഭരിക്കുകയായിരുന്നു.ബ്രഹ്മാവിനെ തപസ്സുചെയ്ത് രാവണൻ ഒരു വരം വാങ്ങിയിരുന്നു. മനുഷ്യരല്ലാതെ മറ്റാരും തന്നെ കൊല്ലരുതെന്ന്. വരം കിട്ടിയ രാവണൻ ഭൂമിയും സ്വർഗ്ഗവും പാതാളവും തന്റെ വരുതിയിലാക്കി എതിരിട്ടവരെയെല്ലാം തോല്പിച്ചു. കുബേരൻ എന്ന തന്റെ വകയിലൊരു ജേഷ്ഠനെ തോൽപ്പിച്ച് അദ്ദേഹത്തിന്റെ പുഷ്പകവിമാനം അപഹരിച്ചു. കൈലാസം എടുത്തു പൊക്കി ശിവന്റെ കയ്യിൽ നിന്ന് ചന്ദ്രഹാസമെന്ന വാൾ സമ്പാദിച്ചു. ഇങ്ങനെ ലോകം മുഴുവൻ ജയിച്ചടക്കിയ രാവണൻ രാക്ഷസന്മാർക്ക് അഴിഞ്ഞാടാൻ സൗകര്യമുണ്ടാക്കി. അവർ ഭൂമിയിലെങ്ങും നടന്ന് നല്ല പ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിച്ചു. ഹോമവും മറ്റും ചെയ്യുന്ന മഹർഷിമാരെ ഉപദ്രവിച്ചു. പലരെയും പിടിച്ചുതിന്നു. രാവണനെ വധിക്കാതെ ഭൂമിയിൽ ധർമ്മം പുലരുകയില്ലെന്ന് ദേവന്മാർക്ക് ബോദ്ധ്യമായി. പക്ഷേ അവർക്കത് സാധിക്കുകയില്ല. അവർ




മനുഷ്യരല്ലല്ലോ. അവസാനം അവർ മഹാവിഷ്ണുവിനെ അഭയം പ്രാപിച്ചു. ലോകരക്ഷചെയ്യുന്ന ദേവൻ മഹാവിഷ്ണുവാണ്. അദ്ദേഹം ഒരു മനുഷ്യനായി ജനിച്ച് രാവണനെയും രാക്ഷസൻമാരെയും നശിപ്പിക്കും എന്ന് വാക്ക് കൊടുത്തു . അങ്ങനെയാണ് രാമൻ ജനിച്ചത്.

ആയുഷ് 9F




# ആമയ്ക്കു പറ്റിയ ഒരു അബദ്ധം

പണ്ട് പണ്ട് ഒരു ആമ ഒരുകുളക്കരയിലൂടെനടന്നുപോവുകയായിരുന്നുആ സമയം രണ്ടുകൊക്കകൾ ആകാശത്തുകൂടി പറന്നുപോവുകയായിരുന്നു.ആ കൊക്കുകളെ കണ്ട് ആമ അവരെപ്പോലെ പറക്കണമെന്ന് തോന്നി. ആ അവശ്യം ആമ കൊക്കുകളെട്ടത്ത് പറഞ്ഞു. കൊക്കുകൾ അതിന് പരിഹാരം കണ്ടു രണ്ടുകൊക്കുകളൂംകൂടി ചേർന്ന് ഒരു വലിയ വടി എടുത്തു കൊണ്ടുവന്നു




.എന്നിട്ട് കൊക്കുകൾ ആമയുടെ അടുത്തു പറഞ്ഞു, ഇതിൽ കടിച്ചു പിടിച്ചു തൂങ്ങി നിൽക്കാൻ പറഞ്ഞു ആമ കൊക്കുകളുടെ വാക്കുകേട്ട് കടിച്ചു തുങ്ങി നിന്നു .എന്നിട്ട് രണ്ടു കൊക്കുകളും കൂടി പറന്നു. അപ്പോൾ ആമയ്ക്ക് ഇതുവരെയും കിട്ടാത്ത ഒരു അനുഭവം ലഭിച്ചു . ആമ താഴേക്ക് നോക്കിയപ്പോൾ മൈതാനത്ത് കളിച്ചു കൊണ്ടുനിൽക്കുന്ന ആമകളെ കണ്ടു.അവരുടെ മുന്നിൽ വലിയ ആളാണെന്നുകാണിക്കാൻ ആമ കൊക്കുകളുടെ അടുത്ത് കുറച്ചുകൂടി ഉയരത്തിൽ പോകാൻഎന്ന് പറയാൻ വാതുറന്നതും ആമ വടിയിൽ നിന്നും താഴോക്ക് പോയി തറയിൽ വീണ് തോടുപൊട്ടിച്ചത്തു പോയി.

Adwaith.s.krishna-7B






# ജിംഗനെ അറിയാമോ…….




ജിംഗനെ അറിയാമോ
ഞങ്ങടെ മുടിയനെ അറിയാമോ
താരത്തിനെ അറിയാമോ
ഞങ്ങടെ ജിംഗനെ അറിയാമോ....

21ാം ജഴ്സയിൽ തിളങ്ങി നിൽക്കുന്ന
മഞ്ഞപ്പടയക്ക് വേണ്ടി കളിക്കുന്ന താരമാ....
ജിംഗൻ ആണ് ജിംഗൻ




ആരാണിവനെ ആരാണിവനെ അറിയാതത്ത്.......
ജിംഗനെ അറിയാമോ ഞങ്ങടെ മുടിയനെ അറിയാമോ
താരത്തിനെ അറിയാമോ ഞങ്ങടെ ജിംഗനെ
അറിയാമോ.....

ആയുഷ് 9F



# കുരങ്ങന് കിട്ടിയ വരങ്ങൾ

ഒരിക്കൽ കുറ്റിക്കാട്ടിൽ കിട്ടു എന്നൊരു കുരങ്ങൻ ഉണ്ടായിരുന്നു അവൻ എപ്പോഴും ചിരക്കുന്നവന്നയായിരുന്നു. ഒരിക്കൽ അവന് ഒരു വലിയ അസുഖം വന്നു. അവന്റെ വാല് മുറിച്ച് കളയണം എന്ന് വൈദ്യർ ആവിശ്യപ്പെട്ടു അങ്ങനെ അവൻ വാലു മുറിച്ചു. എല്ലാവരും അവനെ കളിയാക്കാൻ തുടങ്ങി. അങ്ങനെ അവൻ അതീതമായ വിഷമത്തിലായി.ഒരിക്കൽ ഒരു ദേവത അവന്റെ മുന്നിൽ പ്രത്യക്ഷനായി . കിട്ടു ആശ്ചര്യപ്പെട്ടു . ദേവത പറഞ്ഞു ഞാൻ സന്തോഷത്തിന്റെ




ദേവതയാണ്. ഞാൻ നിനക്ക് മൂന്ന് വരം നൽകാം. അത് നിനക്ക് എന്തും ചോദിക്കാം കുരങ്ങൻ ആദ്യം ചോദിച്ചു അവന് നല്ലൊരു വീട് വേണം എന്ന് പറഞ്ഞു ദേവത നൽകി , അവന് ഒരിക്കലും ആഹാരത്തിന്റെ വില അറിയരുത് എന്നും, അവന് ഒരു സ്വർണ്ണ മോതിരം വേണം എന്ന് പറഞ്ഞു . ദേവത അതും നൽകി. അതിനെല്ലാം ഇടയിൽ അവന്റെ വാലിന്റെ കാര്യം അവൻ മറന്നു. ദേവത ഒരു ഉപദേശം നൽകി. നീ നിന്റെ ആവിശ്യം മറന്ന് ആർഭാടത്തിലേക്ക് പോയി. ദേവത മിന്നൽ പോലെ മറഞ്ഞു. അവൻ ദേവത മറഞ്ഞതിനു ശേഷം പറഞ്ഞു . " എന്റെ വാൽ " അവൻ അലറി. കുറച്ച്നേരംകഴിഞ്ഞ്ദേവതവീണ്ടുംവന്നുഅങ്ങനെകുരങ്ങൻതന്റെതെറ്റ്മനസ്സിലാകുകയുംതന്റെപഴയവാൽതിരികെകിട്ടുകയും ജീവിതംപുന്നരാരംഭികുകയും ചെയ്തു.



നൂപൻ.എൽ.കൊച്ചയ്യം



# മംഗലംകുന്ന് കർണ്ണൻ



പൂരപ്പറമ്പിലെ പൊടിപടലങ്ങളുരുനിന്നുവെങ്കിൽ
അതിവന്റെ വരവിനെയോർത്ത് മേഘങ്ങൾ
വാനിൽ ഉയരുന്നുവെങ്കിൽ അതിവന്റെ
തലക്കുനിയെപേടിച്ച് , ഉയരുക്കേമന്മാർ
പേടിക്കുന്നുവെങ്കിൽ അതിവന്റെ വരവിനെയോർത്ത്
ഇവൻ ഇതിഹാസചക്രവർത്തി ഇതിഹാസത്തിലെ
ഇഹരാജവജ്റ്റം പ്രാണൻ പാടിപ്പറഞ്ഞുപതിഞ്ഞ
പ്രമാണങ്ങളിലെ പ്രമാണിയായി പ്രതിഭകൊണ്ടു
പ്രതിഭാസം തീർത്ത ഇതിഹാസമാണിവർ
മഴമേഘങ്ങളെ തലക്കുനിയാൽ
തലോടിത്തലോടിത്താലോലിക്കുവാൻ
തൻപ്രമാണിത്തം കൊണ്ട്താരസിംഹാസനം അരകെട്ടുറപ്പിച്ച തച്ചുരാൻ കളിയാക്കിയവരെ
ക്കൊണ്ട് കയ്യടിപ്പിച്ച ചരിത്രമുള്ള ഒന്നാന്തരം ആൺപിറപ്പ്.
പരസ്യമായി വിമർശിക്കുന്നവർപോലും പരസ്യമായി നെഞ്ചിലേറ്റി ആരാധിക്കുന്ന
മാദംഗമാണിക്ക്യം, നിലവിന്റെ ആറാം തമ്പുരാൻ കവച കുണ്ഡലമണിഞ്ഞ സൂര്യപുത്രൻ
ഉത്സവകേരളത്തിന്റെ തലപ്പൊക്കത്തിന്റെ തമ്പുരാൻ സാക്ഷാൽ ബാലഗാപ്യഗജപതി
മാദംഗമാണിക്ക്യം മംഗലാക്കുന്ന് കർണ്ണൻ അടുത്തതലമുറക്ക് പറഞ്ഞുകൊടുക്കുവാൻ
കർണ്ണചരിത്രം രചിച്ച ആറാം തമ്പുരാൻ.........
ചേറായിയുടെ മണൽത്തരികളും, ഇത്തിത്താനത്തിന്റെ കരിമണ്ണും, ചക്കമരശ്ശേരിയുടെ
കളിമണ്ണും കുന്നംകുളഞ്ഞിന്റെ പൊൻമണ്ണും വിറപ്പിച്ചതുള്ളിച്ചവൻ മുട്ടിടിക്കാതെ കക്ഷം
കുനിയാതെ, കണ്ണിറുക്കാതെ കർണ്ണനെ നേരിടുവാനിന്നോളമില്ലാരും. ഉത്സവപ്പറമ്പു
പൂരപറമ്പാക്കി കടന്നുവരുന്ന സൂര്യപുത്രനാമദേയൻ മംഗലാംകുന്ന് കർണ്ണൻ

**അർജ്ജുൻ രാജ് 9D**



# സഹോദര സ്നേഹം



പണ്ട്   പണ്ട് ഒരു സന്തുഷ്ടമായ കുടുംബം ഉണ്ടായിരുന്നു സന്തോഷം മാത്രം ഉണ്ടായിരുന്ന ഒരു കുടുംബമായിരുന്നു അത്.അച്ചൻ അമ്മ അനുജൻ അമ്മൂമ അപ്പൂപ്പൻ അടങ്ങുന്ന ഒരു കുടുബം.അവിടെ വലിയ അഘോഷം ആയിരുന്നു അന്ന്  .അനുജന്റെ പിറന്നാൾ ആയിരുന്നു. .അന്ന് അവൻ വളരെ സന്തോഷിച്ചിരുന്നു.  അമ്മയും അച്ചനുമാണ് അവന് ആദ്യം സമ്മാനം കൊടുത്തു.അവന്റെ സുഹൃത്തുക്കളും അവനു സമ്മാനം നൽകി.അതിൽ ഒരു കുട്ടിയ്ക്കു മാത്രം സമ്മാനംനൽകാൻ കഴിഞ്ഞില്ല.കാരണം അവൻ ഒരു പാവപെട്ടവനാണ്. അവന്റെ കയിൽ പണം ഇല്ലായിരുന്നു. ഈ കാര്യം അവൻ അവന്റെ ജേഷ്ഠനോട് പറഞ്ഞു.അവൻ പറഞ്ഞു സമ്മാനത്തിൽ അല്ലാ കാര്യം മനസ്സിലെ സ്നേഹത്തിലാണ്കാര്യം. വിഷമിക്കേണ്ട കാര്യം ഒന്നുമില്ല. അവൻ വന്നല്ലോ .അത് മതി.അങ്ങനെ  സന്തോഷത്തോടെ കേക്ക് മുറിച്ച എല്ലാവർക്കും കോടുത്തു അവന്റെ സുഹൃത്തുക്കളും ബന്ധുക്കളും എല്ലാം പോയി കഴിഞ്ഞ് അവൻ അവന്റെ അമ്മയോടും അച്ചനോടും കാര്യം പറഞ്ഞു. അവരു പറഞ്ഞു നീ പറഞ്ഞതാണ് ശരി നമ്മുക്ക് തരുന്ന സമ്മാനത്തിലല്ല കര്യം ആ തരുന്ന വ്യക്തിയുടെ മനസ്സിലെ സന്തോഷത്തിലാണ് കാര്യം . എന്ന് പറഞ്ഞ് അവൻ സന്തോഷത്തോടെ കിടന്ന് ഉറങ്ങി.....

**ആദർശ് - 9F**



# 10 ടീം അതിൽ ഒന്ന് മഞ്ഞപ്പട



*മഞ്ഞപ്പട എന്നൊരു ടീം ഉണ്ട്...*

*കൊമ്പൻമാരാണേ.... ഒരിക്കലും മുട്ടു കുനിക്കില്ലാ....*

*തോൽവി എന്നത് അറിയുകയില്ലാ.... വിജയം*
*മാത്രമാണേ മുന്നിൽ ....*
*വിജയം മാത്രമാണേ....*
*മഞ്ഞപ്പടയേ....മഞ്ഞപ്പടയേ....*
*മഞ്ഞപ്പടയേ....*
*ശത്രുകളെ ഒന്ന് ഒന്നായി പൊരുതി നേരിടുന്നേ....*
*ഇതൊരു പ്പടയാണേ....*
*മഞ്ഞപ്പടയേ.... മഞ്ഞപ്പടയേ.... മഞ്ഞപ്പടയേ....*
*പന്ത് അല്ല ഉരളുന്നത് ഞങ്ങടെ ചങ്കാണ്*
*ചങ്കല്ല ചങ്കിടിപ്പാണ് മഞ്ഞപ്പട.*

**ആയുഷ്**



# നഗര കാഴ്ചകൾ


Mahadevar Temple



Puthiyakavu masjid


Marthoma Church


Poly Technic


Engineering College


KSRTC Bus station


Green Chanel Resort


Valiyath Hosptal


Krishnapuram Palace


Azheeckal Beech


Oachira Temple


Railway Station



കന്നേറ്റി ജലോത്സവം

# പട്ടം



## ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് തുടങ്ങി

**കരുനാഗപ്പള്ളി**

വിദ്യാർഥികൾക്ക് കംപ്യൂട്ടർ പരിജ്ഞാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ ലിറ്റിൽ കൈറ്റ്സ് പദ്ധതി സബ് ജില്ലാതല പരിശീനം തുടങ്ങി. കരുനാഗപ്പള്ളി സബ് ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർഥികൾക്ക് വേണ്ടിയുള്ള പരിശീലന ക്യാമ്പ് കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലും ഗേൾസ് ഹൈസ്കൂളിലും തുടങ്ങി. ചലച്ചിത്ര സംവിധായകൻ അനിൽ വി നാഗേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മിസ്ട്രസ് മേരി ടി അലക്സ്, ഗേൾസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് എസ് ശ്രീലത, സ്റ്റാഫ് സെക്രട്ടറി കെ സി ജയശ്രീ എന്നിവർ സംസാരിച്ചു. ജനറൽ സെഷൻ, ആനിമേഷൻ , പ്രോഗ്രാമിങ് എന്നീ മേഖലകളിൽ പരിശീലനം ലക്ഷ്യമിട്ട് നടത്തുന്ന ക്യാമ്പ് രണ്ടു ദിവസം നീണ്ടു നിൽക്കും. വിവിധ സെഷനുകളിൽ എസ് പ്രമോദ് എൻ സുഭാഷ്, സന്തോഷ്, വേണു എന്നിവർ ക്ലാസ് നയിച്ചു.


## ചിലതുമാത്രം



സബ് ജില്ലാ പരിശീലന ക്യാമ്പിൽ നിന്ന്..........



പരിശീലനത്തിൽ..



**Little Kites അംഗങ്ങൾ SSLC Card ന്റെ Pre View രക്ഷകർത്താക്കളെ കാണിക്കുന്നു**



സംസ്ഥാനകലോത്സവം ലൈവ്



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## ഞങ്ങളോടൊപ്പം.....



# Our NCC&JRC



# കായികരംഗം



**Kabadi Junior Team**




**Base Ball Team**



**Sub Junior Kabadi**




**Sub junior Handball**

**Hand Ball junior**





# നന്ദി

ലിറ്റിൽ കൈറ്റ്സിന്റെ ആദ്യത്തെ ബാച്ചിലെ അംഗങ്ങളായ ഞങ്ങൾക്ക് ഒരു മാഗസിൻ ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സാങ്കേതിക വിദ്യയിലെ വിവിധ മേഖലകൾ ഞങ്ങൾക്ക് അന്യമായിരുന്നു . ലഭിച്ച നിരവധി പരിശീലനത്തിലൂടെ ഈ മേഖലയിലേക്ക് കടന്നു കയറുവാൻ കഴിഞ്ഞു . ധാരാളം പോരായ്മകൾ ഉണ്ടെങ്കിലും ഇങ്ങനെ ഒരു മാഗസിൻ നിർമാണത്തിന് ഞങ്ങളെ സഹായിച്ച എല്ലാവർക്കും കൈറ്റ് യൂണിറ്റിന്റെയും ബോയ്സ്.എച്ച്.എസ്.എസ് ന്റെയും പേരിൽ

***ഹാർദ്ദവമായ നന്ദി.***